## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി- വന്ധ്യതാ ക്ലിനിക് - ഗൈനക്കോളജിസ്റ്റിനെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: കത്ത് ഇ2/2342/18/ഡബ്ല്യുസി എച്ച്.ടി തീയതി 16.04.2018 തൈക്കാട് തിരുവനന്തപുരം

**ഉത്തരവ് നം. ഇ.എ1- 107276/17/ആ.വ.ഡ തീയതി 03.05.2018**

തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ വന്ധ്യതാ ക്ലിനിക്കിന്റെ സുഗമമായ പ്രവർത്തനത്തിന് തിരുവനന്തപുരം നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. മനോജ് തോമസിന്റെ സേവനം ജോലി ക്രമീകരണ വ്യവസ്ഥയിൽ തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ലഭ്യമാക്കണമെന്ന് പ്രസ്തുത ആശുപത്രി സൂപ്രണ്ട് പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, തിരുവനന്തപുരം നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. മനോജ് തോമസിനെ തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ വന്ധ്യതാ ക്ലിനിക്കിന്റെ പ്രവർത്തനത്തിനായി ഉത്തരവ് തീയതി മുതൽ രണ്ടു മാസത്തേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. രണ്ടു മാസ കാലയളവിനുള്ളിൽ തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റുമാർക്ക് വന്ധ്യതാ ക്ലിനിക്കിൽ പരിശീലനം നൽകി അവരെ റൊട്ടേഷൻ വ്യവസ്ഥയിൽ ക്ലിനിക്കിൽ നിയമിക്കുന്നതിനുള്ള നടപടികൾ ആശുപത്രി സൂപ്രണ്ട് സ്വീകരിക്കേണ്ടതാണ്. സർക്കാരിന്റെയോ ആരോഗ്യ വകുപ്പ് ഡയറക്ടറുടെയോ അനുമതിയില്ലാതെ ജോലി ക്രമീകരണ വ്യവസ്ഥയിൽ തുടരുന്ന ഗൈനക്കോളജിസ്റ്റുമാരെ വിടുതൽ ചെയ്ത് പ്രസ്തുത വിവരം ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിക്കുവാനും നിർദ്ദേശിക്കുന്നു.

ഒപ്പ്

**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

സൂപ്രണ്ട്, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തൈക്കാട്, തിരുവനന്തപുരം

പകർപ്പ്:

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. സൂപ്രണ്ട്, ജനറൽ ആശുപത്രി നെയ്യാറ്റിൻകര, തിരുവനന്തപുരം
4. ഡോ. മനോജ് തോമസ്, കൺസൽട്ടന്റ് (ഗൈനക്കോളജി)
5. ഫയൽ/ കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്